പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4278 — 12.11.2019-ൽ മറുപടിക്ക്

ഏരൂരിൽ കെ.എസ്.ഇ.ബി. സ്ഥാപിച്ച ജി.ഐ.എസ്. സബ്സ്റ്റേഷൻ

| | ചോദ്യം<br>ശ്രീ. എം. സ്വരാജ് | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിലെ ഏരൂരിൽ കെ.എസ്.ഇ.ബി. സ്ഥാപിച്ച ജി.ഐ.എസ് സബ്സ്റ്റേഷന്റെ സവിശേഷതകൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (എ) | (1) ജി.ഐ.എസ് സബ്സ്റ്റേഷന് വളരെ കുറച്ചു സ്ഥലം മാത്രമാണ് ആവശ്യമായി വന്നത്.<br>(2) വൈറ്റില സബ്സ്റ്റേഷനിൽ നിന്നും ഈ സബ്സ്റ്റേഷന്റെ പ്രവർത്തനം നിയന്ത്രിക്കുന്നതു മൂലം ആളില്ലാ സബ്സ്റ്റേഷൻ ആയി നിർമ്മിച്ചിരിക്കുന്നു.<br>(3) ജി.ഐ.എസ് സബ്സ്റ്റേഷന്റെ നിർമ്മാണം വളരെ ചുരുങ്ങിയ സമയം കൊണ്ട് പൂർത്തീകരിക്കാൻ സാധിച്ചു.<br>(4) അറ്റകുറ്റ പണികൾ തീരെ കുറവാണ്. |
| (ബി) | പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മിക്കാൻ എത്ര കാലാവധിയാണ് അനുവദിച്ചിരുന്നതെന്ന് അറിയിക്കുമോ; | (ബി) | ഒരു വർഷം |
| (സി) | എത്ര മാസം കൊണ്ടാണ് നിർമ്മാണം പൂർത്തിയാക്കിയതെന്ന് അറിയിക്കുമോ ഇതിലൂടെ എന്ത് നേട്ടം കെ. എസ്. ഇ. ബി. യ്ക്ക് കൈവരിക്കാനായെന്ന് അറിയിക്കുമോ; | (സി) | പത്തുമാസം സമയത്തിനുള്ളിൽ പൂർത്തിയാക്കി ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകുവാൻ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന് സാധിച്ചു. മെട്രോ നഗരമായി മാറുന്ന തൃപ്പൂണിത്തുറയിലും സമീപ പ്രദേശങ്ങളിലും ഉണ്ടാകാറുള്ള വൈദ്യുതി തടസ്സങ്ങൾക്ക് ശാശ്വത പരിഹാരമാവുകയും ഭാവിയിലുള്ള വൈദ്യുതി ഉപയോഗത്തിനും ഈ സബ്സ്റ്റേഷന്റെ നിർമ്മാണ ത്തിലൂടെ സാധിച്ചു. |
| (ഡി) | പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിലേക്കായി എത്ര തുകയാണ് ചെലവായത് എന്ന് അറിയിക്കുമോ? | (ഡി) | കേബിൾ ഇടുന്ന പ്രവൃത്തികൾ ഉൾപ്പെടെ ഇരുപത്തിയഞ്ചു കോടി രൂപ ചിലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ